**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1021** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ടി. ബൽറാം

ശ്രീ. ടോണി ചമ്മണി

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് ആവശ്യത്തിന് ഫണ്ട് അനുവദിക്കാത്തതും അനുവദിക്കുന്ന ഫണ്ട് യഥാസമയം ലഭ്യമാക്കാത്തതും മൂലം സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി പ്രതിസന്ധി നേരിട്ടുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u> പരിശോധിച്ചിട്ടുണ്ട്. 2023-24, 2024-25 എന്നീ വർഷങ്ങളിൽ കേന്ദ്ര ഫണ്ട് ലഭിക്കുന്നതിൽ കാലതാമസം നേരിട്ട സാഹചര്യത്തിൽ യഥാസമയം സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കാത്തതിനാൽ സ്കൂളിലെ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ പ്രതിസന്ധി നേരിട്ടിരുന്നു. എന്നാൽ ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ സ്കൂളിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പദ്ധതി മുടക്കം കൂടാതെ നടന്നിട്ടുണ്ട്. സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമായ മുറയ്ക്ക് അത്തരത്തിൽ ചെലവാക്കിയ തുക തിരികെ സ്കൂളുകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.**

**(ബി)** പ്രധാന അധ്യാപകർക്ക് സാമ്പത്തിക ബാധ്യത വരുത്താതെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയിൽ കൃത്യത വരുത്തുന്നതിനും പോഷകഗുണമുള്ള ആഹാരം നൽകുന്നതിനും നടപടികൾ സ്വീകരിക്കാമോ ;വിശദമാക്കുമോ;

**<u>മറുപടി:</u>** പ്രധാന അദ്ധ്യാപകർക്ക് സാമ്പത്തിക ബാധ്യത വരുത്താതെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയിൽ കൃത്യത വരുത്തുന്നതിനും പോഷകഗുണമുള്ള ആഹാരം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 2026 ജൂൺ, ജൂലൈ മാസങ്ങളിൽ സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള പാചകചെലവിനത്തിലെ തുക ഇതിനോടകം തന്നെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്. സ്കൂളുകളിൽ നിന്നും ബില്ലുകളും അനുബന്ധരേഖകളും ഹാജരാക്കുന്ന മുറക്ക് അനുവദനീയമായ തുക സ്കൂളുകൾക്ക് ഉപജില്ലകളിൽ നിന്നും വിതരണം ചെയ്യുന്നതാണ്. പോഷകമൂല്യമുള്ളതും സ്വാദിഷ്ടവുമായ ഭക്ഷണം കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്നും ഇവ മടുപ്പ് കൂടാതെ കുട്ടികൾ കഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ടി 2025 ൽ ഉച്ചഭക്ഷണ പദ്ധതിയുടെ മെനു പരിഷ്കരണം നടത്തുകയും 2025 ഓഗസ്റ്റ് 1 മുതൽ സ്കൂളുകളിൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പുതുക്കിയ മെനു അടിസ്ഥാനപ്പെടുത്തിയാണ് കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകി വരുന്നത്.

**(സി)** സർക്കാരിന്റെ ഉത്തരവാദിത്വം നിലനിർത്തിക്കൊണ്ട് തന്നെ അധ്യാപക രക്ഷാകർതൃ സമിതികളെ കൂടി പങ്കാളികളാക്കി ഉച്ചഭക്ഷണ പദ്ധതി കൂടുതൽ മെച്ചപ്പെടുത്താൻ നടപടി

സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** സർക്കാരിന്റെ ഉത്തരവാദിത്തം നിലനിർത്തിക്കൊണ്ട് തന്നെ അധ്യാപക രക്ഷാകർതൃ സമിതികളെ കൂടി പങ്കാളികളാക്കി ഉച്ചഭക്ഷണ പദ്ധതി കൂടുതൽ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ സ്കൂൾ തലത്തിൽ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനുള്ള ചുമതല സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികൾക്കാണ്. കമ്മിറ്റിയുടെ ചെയർമാൻ പി.ടി.എ പ്രസിഡന്റും കൺവീനർ സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുമാണ്. ടി കമ്മിറ്റിയിൽ എസ്.എം.സി ചെയർമാൻ, മദർ പി.ടി.എ പ്രസിഡൻറ്/ അംഗം, എസ്.സി/ എസ്.ടി, ഭിന്നശേഷി വിദ്യാർത്ഥികളുടെ പ്രതിനിധി എന്നിവരും അംഗങ്ങളായുണ്ട്. ഇതിനു പുറമേ സ്കൂളുകളിൽ നട<u>ത്തു</u>ന്ന "സാമൂഹിക ഓഡിറ്റ്" നട<u>ത്തു</u>ന്നതിന് രക്ഷാകർത്താക്കളെയാണ് ഓഡിറ്റർമാരായി തെരഞ്ഞെടുക്കുന്നതും ഓഡിറ്റ് നട<u>ത്തു</u>ന്നതും. ഇത്തരത്തിൽ നിലവിൽ അദ്ധ്യാപക രക്ഷാകർതൃ സമിതികളെ കൂടി പങ്കാളികളാക്കിക്കൊണ്ട് തന്നെയാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടന്നു വരുന്നത്.

**സെക്ഷൻ ഓഫീസർ**